

WEDNESDAY 09.08.2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr. BINU HARRIET IVAN



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-09/08/2023.

1. നാളികേര വികസന ബോർഡ് ഹിന്ദി പക്ഷാചരണത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ സ്കൂളുകളിലെ ഹിന്ദി അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ഹിന്ദി കവിത രചന മത്സരം സംഘടിപ്പിക്കുന്നു. അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ജൂനിയർ വിഭാഗത്തിലും എട്ട് മുതൽ പത്ത് വരെയുള്ളവർക്ക് സീനിയർ വിഭാഗത്തിലും പങ്കെടുക്കാവുന്നതാണ്. ''അനൂഠാ നാരിയൽ മഹിമ അപാർ'' (അദ്വിതീയം നാളികേരം, മഹിമ അപാരം) എന്നതാണ് മത്സര വിഷയം. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തിയ രചനകൾ ചെയർമാൻ, നാളികേര വികസന ബോർഡ്, കേര ഭവൻ, കൊച്ചി-11 എന്ന വിലാസത്തിൽ സെപ്തംബർ 11-ാം തീയതി വൈകുന്നേരം 5.30 മണിക്കുള്ളിൽ ലഭിച്ചിരിക്കണം. സമ്മാനാർഹർക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും സമ്മാനിക്കുന്നതാണ്. വിശദവിവരങ്ങൾക്ക്: 0484--2377266 Extn-145/121 എന്ന നമ്പറിൽ ബന്ധപ്പെടുക.

2. കാർഷിക സർവകലാശാല കാർഷിക കോളേജിൽ അസോസ്പൈറില്ലം, അസറ്റോബാക്ടർ റൈസോബിയം, മൈക്കോറൈസ, പി.എസ്.ബി തുടങ്ങിയ ജൈവ വളങ്ങളും ട്രൈക്കോഡർമ സ്യൂഡോമോണാസ് തുടങ്ങിയ ജൈവ കീടനാശിനികളും വിൽപ്പനക്ക് തയ്യാറാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ:0487 2438674

3. കേരള കാർഷിക സർവകലാശാലയുടെ കരമന നെടുങ്കാട് സ്ഥിതിചെയ്യുന്ന സംയോജിത കൃഷി സമ്പ്രദായ കേന്ദ്രത്തിൽ നിറപുത്തരി കൊയ്ത്തുത്സവത്തിനുള്ള നെൽക്കതിർ (ചതുരശ്ര മീറ്ററിന് 100 രൂപ), കതിർക്കെട്ടുകൾ ('അയർ' - വലുപ്പം അനുസരിച്ച് 250 മുതൽ 2000 രൂപ വരെ) വില്പ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 0471 2343586ൽ ബന്ധപ്പെടുക.

4. കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴ മൃഗാശുപത്രി വഴി സർക്കാർ ഫാമിൽ വികസിപ്പിച്ചെടുത്ത അത്യുൽപാദനശേഷിയുള്ള 45 ദിവസം മുതൽ 60 ദിവസം വരെ പ്രായമായ മുട്ടക്കോഴി കുഞ്ഞുങ്ങളെ കോഴി ഒന്നിന് 130 രൂപ നിരക്കിൽ ആഗസ്റ്റ് പതിനൊന്നാം തീയതി രാവിലെ 10 മണി മുതൽ ഒരു മണി വരെ വിതരണം ചെയ്യുന്നതാണ് ആവശ്യമുള്ളവർ 9446272991, 8921875192 എന്നീ ഫോൺ നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടി**

5. കേരള കാർഷിക സർവ്വകലാശാല കമ്മ്യൂണിക്കേഷൻ സെന്ററിൽ അക്വാപോണിക്സ്, ബയോഫ്ലോക്ക് എന്നീ വിഷയങ്ങളിൽ 22.08.2023-ന് പരിശീലനം സംഘടിപ്പിക്കും. 550/- രൂപയാണ് ഫീസ്. കൂടുതൽ വിവരങ്ങൾക്ക് 0487 2370773 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

6. കേരള വെറ്ററിനറി സർവകലാശാല നടത്തിവരുന്ന MS/MSc, BSc (PPBM), Diploma, PG Diploma കോഴ്സുകളിൽ അവശേഷിക്കുന്ന ഒഴിവുകളിലേക്ക് മണ്ണുത്തി വെറ്ററിനറി കോളേജിൽ 2023 ആഗസ്റ്റ് മാസം 11 ആം തീയതി 10.30 a.m. ന് സ്പോട്ട് അഡ്മിഷൻ നടത്തപ്പെടുന്നു. കോഴ്സുകളുടെ വിശദവിവരങ്ങൾക്ക് www.kvasu.ac.in സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്കായി 9447225513, 9539511273, 9846988211, 9562367900, 9447846794 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക

7. റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഓൺലൈൻ പരിശീലനം നടത്തുന്നു. 2023 ആഗസ്റ്റ് 14-ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ വൈകിട്ട് 4.30 വരെയാണ് പരിശീലനം. പരിശീലനമാധ്യമം മലയാളം ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04812353127 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടുക.

8. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെന്ററിൽ വച്ച് ''അച്ചാർ നിർമ്മാണത്തിലൂടെ മൂല്യ വർദ്ധനവ്'' എന്ന വിഷയത്തിൽ ഏകദിന പ്രായോഗിക പരിശീലന പരിപാടി ഈ മാസം (11.08.2023) 11-ാം തീയ്യതി 10.00 മണി മുതൽ സംഘടിപ്പിക്കുന്നു. വിവിധതരം അച്ചാറുകളുടെ നിർമ്മാണവും അവ നിർമ്മിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പ്രിസർവേഷൻ, പാക്കിംഗ്, ലേബലിംഗ് തുടങ്ങിയവയെ കുറിച്ചും ശാസ്ത്രീയമായി പഠിപ്പിക്കുന്നു. റജിസ്ട്രേഷൻ ഫീസ് 550/- രൂപ പങ്കെടുക്കാനാഗ്രഹിക്കുന്നവർ 0487-2370773 എന്ന ഫോൺ നമ്പറിൽ ആഗസ്റ്റ് 09 ന് മുമ്പായി ഓഫീസ് പ്രവർത്തി സമയങ്ങളിൽ ( 10.00 മുതൽ 05.00 മണി വരെ) ബന്ധപ്പെടുക.

9. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ ഇന്ന് (09/08/2023) രാവിലെ 10.00 മുതൽ 5.00 മണി പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491- 2815454 നമ്പറിൽ വിളിച്ച് മുൻകൂട്ടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

രജിസ്റ്റർ ചേയ്യേണ്ടതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിൻറെ കോപ്പി കൊണ്ടുവരേണ്ടതാണ്. കേന്ദ്ര-കേരള സർക്കാരുകളുടെ വിവിധ ആടുവളർത്തൽ പദ്ധതികളിൽ അംഗമാകാൻ ആഗ്രഹിക്കുന്ന കർഷകർക്ക് ഈ പരിശീലനത്തിൽ പങ്കെടുത്ത് വൈദഗ്ദ്ധ്യവും നേടാവുന്നതാണ്.

10. **കാർഷിക നിർദ്ദേശം** – പച്ചക്കറിതൈകൾ നടുമ്പാൾ തൈചീയൽ/ കടചീയൽ രോഗം വരാൻ സാധ്യതയുണ്ട്. ഇതിനായി നീർവാർച്ചാ സൗകര്യമുള്ള കൃഷിയിടങ്ങൾ ഒരുക്കുക. മണ്ണുപരിശോധന അടിസ്ഥാനത്തിൽ കുമ്മായം ചേർത്തുകാടുക്കുക. ട്രൈക്കോഡെർമാകൾച്ചർ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കിയ ലായനിയിൽ വിത്ത്പുരട്ടി 12 മണിക്കൂർ വച്ച ശേഷം നടുക. അല്ലെങ്കിൽ വിത്ത് പാകുന്നതിനു മുൻപ് വേപ്പിൻ പിണ്ണാക്കിലോ ചാണകത്തിലോ വളർത്തിയെടുത്ത ട്രൈക്കോഡെർമാ മണ്ണിൽ ചേർത്തുകാടുക്കുക . തൈ മുളച്ചതിനു ശേഷം 1 % ബോർഡോ മിശ്രിതം തൈയുടെ ചുവട്ടിൽ ഒഴിച്ചുകൊടുക്കുക.

**കോഴിവളർത്തൽ പരിചരണം** – കൂടുകളുടെ തറയിൽ വെള്ളം നനയുന്നതും ഈർപ്പം തങ്ങിനിൽകുന്നതും രോഗാണുക്കളുടെ വർദ്ധനവിന് കാരണമാകും. തറയിലെ വിരിപ്പിൽ ഈർപ്പം തട്ടുമ്പോൾ പുറത്തുവരുന്ന അമോണിയം വാതകം കോഴിയുടെ ആരോഗ്യത്തിന് ഹാനീകരമാണ്. അതുകൊണ്ട് വിരിപ്പ് ഇടയ്ക്കിടെ ഇളക്കികൊടുത്ത് ഈർപ്പം അകറ്റുവാൻ ശ്രദ്ധിക്കണം

ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം